**കേരള സർക്കാർ**

**സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം**
**e-mail:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(BP)197/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271

ഇ മെയിൽ : doekm.ksad@kerala.gov.in

**തീയതി : 11/03/2020**

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ബ്ലോക്ക്പഞ്ചായത്ത്.

സർ,

വിഷയം:- വാഴക്കുളം ബ്ലോക്ക്പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

**ജോയിന്റ് ഡയറക്ടർ**

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ),എറണാകുളം.
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇ.കെ.എം(BP)197/2020 തീയതി :11/03/2020

## എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത്

15.02.2019 മുതൽ 02/02/2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ ജി.,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.02.2020 മുതൽ 7.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും | ശ്രീ അബ്ദുൽ സലാം ടി ഐ,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ സന്തോഷ് കെ വി ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ നവാസ് സി എം,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| സ്ഥാനം/ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | സി.കെ.മുംതാസ് | 01.04.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.എ.റിച്ച്മോൻ | 01.04.2018മുതൽ 05.06.2018വരെ |
| | കെ.ജെ.ഡെയ്സി. | 06.06.2018 മുതൽ |

| | | |
|---|---|---|
| | | 20-07-2018 വരെ |
| | ടി.കെ.ബാബു | 21-07-2018 മുതൽ 31-07-2018 വരെ |
| | ആർ. സുദാസ് | 01-08-2018 മതൽ 15-09-2018 വരെ. |
| | ടി.കെ.ബാബു | 16-09-2018മുതൽ 17-09-2018 വരെ |
| | ടി.വിജയകുമാർ | 18-09-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | പി.യു.ശിവപ്രസാദ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | എൽദോസ് പോൾ | 01.04.2018 മുതൽ 19.06.2018 വരെ |
| | ഷിഹാബുദ്ദീൻ | 20.06.2018മുതൽ 31.03.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | സജിനി ആർ നായർ | 01.04.2018 മുതൽ 26.11.2018 വരെ |
| | ജോൺ ഷെറി (I/C) | 27.11.2018 മുതൽ 30.11-2018 വരെ |
| | സജിനി ആർ നായർ | 01-12-2018 മുതൽ 31-03-2019 വരെ |
| ക്ഷീര വികസന ഓഫീസർ | പാർവ്വതി കൃഷ്ണപ്രസാദ് | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | വിജി രാജ്. എം. ആർ | 01.04.2018 മുതൽ 30.06.2018 വരെ |
| | അൻവർ എ.എച്ച്. | 01.07.2018 മുതൽ 27.07.2018 വരെ |
| | സിന്ധു വി. | 28.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി വെങ്ങോല) | ഡോ.അനിതാ ഷേണായി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി മലയിടംതുരുത്ത്) | ഡോ.സി. അനില കുമാരി | 01.04.2018 മുതൽ 31.03.2019 |

| | | |
|---|---|---|
| | | വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | വനജ.പി.വി. | 01.04.2018 മുതൽ 31.05.2018 വരെ |
| | സിന്ധു വാസുദേവൻ | 01.06.2018 മുതൽ 04.07.2018 വരെ |
| | അന്നമ്മ വർഗ്ഗീസ് | 05.07.2018 മുതൽ 31.03.2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ(അഡീഷണൽ – ആലുവ) | ജലജ | 01.04.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ഉഷാദേവി.കെ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം –1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | ഗ്രൂപ്പുകൾക്ക് ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ - അപാകതകൾ | 1-11 |
| 12 | വാഹനങ്ങളുടെ അറ്റകുറ്റപ്പണി- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-12 |
| 13 | വയോജനങ്ങൾക്ക് നേത്ര പരിശോധനാ ക്യാമ്പും തുടർ ചികിത്സയും - അപാകതകൾ | 1-13 |
| 14 | CHC യിലെ വാഹനത്തിന്റെ റിപ്പയർ ചെലവുകൾ - മാനദണ്ഡം പാലിച്ചില്ല. | 1-14 |
| 15 | വനിതാ ജീവിത ശൈലീ രോഗ നിർണ്ണയ ക്യാമ്പ് - പ്രോജക്ട് അപാകതകൾ | 1-15 |
| 16 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-16 |
| 17 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ – വിനിയോഗ / | 1-17 |

| | | |
|---|---|---|
| | പൂർത്തീകരണ രേഖകൾ ഇല്ല | |
| 18 | മെറിറ്റോറിയസ് ആയ പട്ടികജാതിവിദ്യാർഥികൾക്ക് ധനസഹായം - പദ്ധതിനടത്തിപ്പിലെ അപാകതകൾ | 1-18 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 19 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-3 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 23 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 24 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 25 | ഓഡിറ്റ് റിക്കവറി | 4-7 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 27 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 29 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധങ്ങൾ** | |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 27.05.2019 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.2019, 23.07.2019 | KSA-EKM(PG)1368/2019/03.08.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8955435 |
| വരവ് | 60243783 |
| ആകെ | 69199218 |
| ചെലവ് | 58159512 |
| നീക്കിയിരിപ്പ് | 11039706 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 40723000 | 40723000 | 36745387 | 3977613 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 17063000 | 17063000 | 12317254 | 4745746 |
| വികസന ഫണ്ട്-ടി.എസ്.പി ർ (ACR പ്രകാരം) | | 869000 | 869000 | 280000 | 589000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | - | - | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4831000 | 4831000 | 3706143 | 1124857 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | - | - | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) ഹോംസ്റ്റെഡ് - എസ്.ബി.ഐ) | 102361 | 3630 | 105991 | - | 105991 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 318522 | 11296 | 329818 | - | 329818 |
| ദുരിതാശ്വാസനിധി | | - | - | - | - | - |
| എം ജി.എൻ.ആർ ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | | 12270 | 801 | 13071 | 0 | 13071 |
| എം.കെ.എസ്.പി | | 755 | 28236 | 28991 | 28943 | 48 |
| ഐ.എ.വൈ. | | 3564176 | 240712 | 3804888 | 145168 | 3659720 |
| പി.എം.എ.വൈ. | | 2593796 | 464749 | 3058545 | 577962 | 2480583 |
| ഐ.എ.വൈ.ലോൺ | | 25600 | - | 25600 | - | 25600 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)-ടി.എസ്.സി. | | 406329 | 15275 | 421604 | 15924 | 406245 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)ബി. ഫണ്ട് -(മിശ്ര വിവാഹം) | | 0 | 120000 | 120000 | 120000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 0 | 520000 | 520000 | 105000 | 415000 |
| | ജില്ലാ പഞ്ചായത്ത് | 0 | 28000 | 28000 | 20000 | 8000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 92581 | 802488 | 895069 | 104668 | 790401 |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ്) | 1839045 | 4976962 | 6816007 | 4010778 | 2805229 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 96 | 82974561 | 59 | 53055217 | 33 | 4 | 61.45 |

# 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-8 ക്യാഷ് വെരിഫിക്കേഷൻ

ബാധകമല്ല

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.06.2019മുതൽ 25.06.2019 വരെ | 2018-19 | 06.01.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2014മുതൽ 17.03.2014 വരെ | 2009-10 മുതൽ 2012-13 വരെ | 16.05.2014 |

# 1-10 ആഭ്യന്തര നിയന്ത്രണം

1. ഡേ ബുക്ക് എല്ലാദിവസവും പ്രിന്റെടുത്ത് ആധികാരികമാക്കി സൂക്ഷിയ്ക്കുന്നില്ല.

2. കണ്ടിജന്റ് ചെലവ് സംബന്ധമായ വൗച്ചറുകൾ കൃത്യമായി പരിപാലിക്കുന്നുണ്ടെങ്കിലും കണ്ടിജന്റ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല.

3. ആസ്തിരജിസ്റ്ററിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് മരാമത്ത് ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്.

4. വാടക സംബന്ധിച്ച രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

# 1-11 ഗ്രൂപ്പുകൾക്ക്/ ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO108/2018-19 |
| പ്രോജക്ടിന്റെ പേര് | ഗ്രൂപ്പുകൾക്ക്/ ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ |
| അടങ്കൽ | 800000 |
| ചെലവ് | 400000 |
| ബിൽ നം. | 1/2018-19, 25.05.2018 |
| നിർവ്വഹണം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |

ഗ്രൂപ്പുകൾക്ക്/ ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ പ്രോജക്ട് പ്രകാരം വാഴക്കുളം ഗ്രാമ പഞ്ചായത്തിലെ ജ്വാല ഗാർമെന്റ്സ് എന്ന സ്ഥാപനം നടത്തുന്ന ഗ്രൂപ്പിനും വെങ്ങോല ഗ്രാമപഞ്ചായത്തിലെ ദയ ഫുഡ് പ്രോഡക്ട്സ് എന്ന സ്ഥാപനം നടത്തുന്ന ഗ്രൂപ്പിനും രണ്ട് ലക്ഷം രൂപ വീതം സഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 25.05.2018 ൽ ആണ് തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ഈ തുക ഗ്രൂപ്പുകൾക്ക് കൈമാറിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിനോടൊപ്പം ഇല്ല. 14.08.2018 ൽ വ്യവസായ വികസന ഓഫീസർ ആലുവ സബ് ട്രഷറി ഓഫീസർക്ക് നൽകിയ കത്തിൽ സഹായമായി നൽകിയ തുകയിൽ 2 ലക്ഷം രൂപ ജ്വാല ഗാർമെന്റ്സിന്റെ അക്കൌണ്ടിൽ ലഭിച്ചില്ല എന്നും, അക്കൌണ്ട് നമ്പർ തെറ്റിയാണ് അടിച്ചിരുന്നത് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക പിന്നീട് യഥാർത്ഥ ഗുണഭോക്താവിന് ലഭ്യമാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല. സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നൽകിയ സബ്സിഡി തുക യഥാസമയം അവരിലേക്ക് എത്തിയിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറി ഓഫീസർക്ക് നൽകിയ കത്തിൽ നിന്നും വ്യക്തമാകുന്നു. 25-05-2018 ൽ തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയും എന്നാൽ തുക ഗുണഭോക്താക്കൾക്ക് ലഭിച്ചത് ഉറപ്പാക്കാതിരിക്കുകയും, ഇപ്രകാരം തുക പിൻവലിച്ച് മാസങ്ങൾക്ക് ശേഷം തുക ലഭിക്കാത്തത് സംബന്ധിച്ച് കത്തിടപാടുകൾ നടത്തുകയും ചെയ്തത് നിർവ്വഹണത്തിലേയും മോണിട്ടറിംഗിലേയും അപാകതയാണ്.

2. പ്രോജക്ട് അടങ്കൽ ആയി 8 ലക്ഷം രൂപയും ചെലവായി 4 ലക്ഷം രൂപയുമാണ് സുലേഖ പ്രകാരം ചേർത്തിരിക്കുന്നത്. അടങ്കലിൽ മറ്റുള്ളവ എന്ന ഇനത്തിൽ 4 ലക്ഷം രൂപ ഉള്ളതും എന്നാൽ ചെലവ് ഭാഗത്ത് ഈ തുക ഉൾപ്പെട്ടിട്ടില്ലാത്തതുമാണ്. 13ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം വായ്പാബന്ധിത പ്രോജക്ട് ആയിരിക്കണം നിർവ്വഹണം നടത്തേണ്ടത്. പ്രോജക്ട് അടങ്കൽ പ്രകാരമുള്ള തുകയുടെ വകയിരുത്തലിന്റെ അനുപാതം 50:50 പാലിക്കാതെയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്.

3. മേൽ ഗ്രൂപ്പുകളെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്ത മാനദണ്ഡം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 25.05.2018 ൽ ട്രഷറി ബിൽ ബുക്ക് പ്രകാരം തുക പിൻവലിച്ചതായി കണ്ടു. എന്നാൽ പ്രോജക്ട് ഫയലിനോടൊപ്പം ഉള്ള വാഴക്കുളം ഗ്രാമ പഞ്ചായത്ത് CDS ന്റെ 30.11.2018 ലെ മിനുട്സിൽ അഞ്ചാമത് തീരുമാനത്തിൽ 28.11.2018 ൽ വാഴക്കുളം ബ്ലോക്ക് വ്യവസായ വികസന ഓഫീസർ അപേക്ഷ പരിഗണിച്ചതായും, ഒന്നാം വാർഡിലെ ജ്വാല അയൽക്കൂട്ടത്തിന് രണ്ട് ലക്ഷം രൂപ സബ്സിഡിയോട് കൂടി ലോൺ അനുവദിച്ചത് അംഗീകാരം നൽകുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി അനുവദിച്ച് തുക കൈമാറിയതിന് ശേഷം ആണ് ബന്ധപ്പെട്ട സി.ഡി.എസ്. കമ്മിറ്റി കൂടി അംഗീകാരം നൽകിയത് .

4. 13ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സംരംഭം രൂപീകരിച്ച് ആറു മാസം കഴിഞ്ഞ ശേഷം നടത്തിയ ഗ്രേഡിങ്ങിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള മാനദണ്ഡം ഈ ഗ്രൂപ്പുകൾ പാലിച്ചിട്ടുള്ളതായി ഫയലുകളിൽ ഇല്ല.

മേൽ വിവരിച്ചവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3 ന് മറുപടി ലഭ്യമാക്കിയില്ല.

മാനദണ്ഡങ്ങൾ പാലിക്കാതെയും, തുക കൈമാറുന്നതിൽ വ്യക്തത ഇല്ലാതെയുമാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിരിക്കുന്നത്. ആയതിനാൽ ചെലവ് തുകയായ 4 ലക്ഷം രൂപ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി തടസ്സപ്പെടുത്തുന്നു.

# 1-12 വാഹനങ്ങളുടെ അറ്റകുറ്റപ്പണി-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.06.2007ലെ ജി.ഒ.(എം.സ്) 170/2007 ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ 10000/- രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ അറ്റകുറ്റപണികളും ബന്ധപ്പെട്ട സ്വയം ഭരണ സ്ഥാപനത്തിന്റെ കമ്മിറ്റിയുടെ / കൗൺസിലിന്റെ അംഗീകാരത്തോടെ ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണെന്നും,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസറോ, തസ്വഭവ എഞ്ചിനീയറോ കണക്കാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെച്ചേർത്തിട്ടുള്ള വാഹനത്തിന്റെ അറ്റകുറ്റപ്പണിക്ക് മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| ക്രമ നം | വാഹനത്തിന്റെ നം | സ്ഥാപനത്തിന്റെ പേര് | ചെക്ക് നം, തീയതി | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | കെ.എൽ.40 -എഫ്-9083 മഹീന്ദ്ര സൈലോ | പോത്തൻ ഓട്ടോസ് പ്രൈ.ലിമിറ്റഡ്, ആലുവ Bill no.RBR 19B000032/28.7.18 & RBR 19B000037/11.8.18 | 0880290 14.09.18 | 39,296/- |
| 2 | കെ.എൽ-17A-4793 ജീപ്പ് | യൂണിയൻ മോട്ടോർ വർക്സ്, പെരുമ്പാവൂർ (invoice no.59/ dt.11.3.19)-labour ഫോക്കസ് പാർട്സ് മാർട്ട് ലി, മാമംഗലം (Bill no.SA-7877 /8.3.19, 26610/-രൂപ)-material purchase | 11210/23.3.19 | 56,170/- |

തുക ചെലവഴിച്ചതിന് ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിയുടെ 6.09.2018 ലെയും 10.4.19 ലെയും തീരുമാനം വൗച്ചറിനോടൊന്നിച്ച് ലഭ്യമാണ്. എന്നാൽ കെ.എൽ.40 -എഫ്-9083 നമ്പർ വാഹനത്തിന്റെ അറ്റകുറ്റപ്പണിക്കും കെ എൽ 17A-4793 ജീപ്പിന്റെ അറ്റകുറ്റപ്പണിക്കും(labour) ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ലാത്തതാണ്. കൂടാതെ രണ്ട് വർക്കുകൾക്കും എഞ്ചിനീയറുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതും മെസ്സേഴ്സ് യൂണിയൻ മോട്ടോർ വർക്സ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന്റെ ഒറിജിനൽ ബിൽ സമർപ്പിച്ചിട്ടില്ലാത്തതുമാണ്. സർക്കാർ ഉത്തരവനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിച്ചുമാത്രം വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടതാണ്.

.

# 1-13 വയോജനങ്ങൾക്ക് നേത്ര പരിശോധനാ ക്യാമ്പും തുടർ ചികിത്സയും - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | SO 106/2018-19, വയോജനങ്ങൾക്ക് നേത്ര പരിശോധനാ ക്യാമ്പും തുടർ ചികിത്സയും |
| അടങ്കൽ | 104396( പ്ലാൻ ഫണ്ട്) |
| ചെലവ് | 102991 |
| ബിൽ നം. | BP(Plan)03/2018-19 24.05.2018 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, CHC മലയിടംതുരുത്ത് |

1. ഈ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് അടിസ്ഥാനമായ മാർഗ്ഗരേഖയോ സർക്കാർ ഉത്തരവോ ലഭ്യമാക്കിയില്ല.

2. പ്രോജക്റ്റ് പ്രകാരം ആലുവ ടോണീസ് ആശുപത്രിയിൽ 35 പേർക്ക് സർജറി ചെയ്ത വകയിൽ 38500 രൂപയും, കണ്ണട വാങ്ങിയ വകയിൽ Optic Gallery ക്ക് നൽകിയ 48008 രൂപയും, മരുന്ന് വാങ്ങിയ വകയിൽ 16483 രൂപയും ഉൾപ്പെടെ ആകെ 102991/-രൂപ ചെലവായിട്ടുണ്ട്. സർക്കാർ മാർഗ്ഗരേഖക്കനുസൃതമായല്ലാതെ പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വിഷയം സംബന്ധിച്ച് നൽകിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# 1-14 CHC യിലെ വാഹനത്തിന്റെ റിപ്പയർ ചെലവുകൾ - KL01F 2989 ജീപ്പ് - മാനദണ്ഡം പാലിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | SO 143/2018-19, സി.എച്ച്.സി. കളുടെ ദൈനം ദിന ചെലവുകൾ - മലയിടംതുരുത്ത് |
| അടങ്കൽ | 200000(മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | 199995/- |
| ബിൽ നം. | 1.BP(Plan)11/2018-19, 138379/-/19.09.2018<br>2. BP(Plan)18/2018-19, 61616/- /22.02.2019 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, CHC മലയിടംതുരുത്ത് |

മേൽ പ്രോജക്റ്റ് പ്രകാരം മലയിടംതുരുത്ത് CHC യിലെ ദൈനം ദിന ചെലവുകൾക്കായി 199995 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഫീസ്/വാഹനത്തിന്റെ റിപ്പയർ ചെലവുകൾക്കായാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ 2018 ജൂലായ് മുതൽ ഒക്ടോബർ വരെ വാഹനത്തിന്റെ റിപ്പയറിംഗിനുള്ള തുക ചെലവഴിച്ചിരിക്കുന്നത് മാനദണ്ഡ പ്രകാരമല്ല. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തുക |
|---|---|---|
| 1 | 69/2018-19 | 3730 |
| 2 | 70/2018-19 | 2330 |
| 3 | 71/2018-19 | 8740 |
| | ആകെ | 14800 |

1.പ്രോജക്ട് പ്രകാരം വാഹന റിപ്പയറിംഗിനായി ആകെ14800/- ചെലവാക്കിയത് തദ്ദേശ സ്ഥാപനങ്ങളുടെ വാഹനങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം അല്ല. സ.ഉ.(എം.എസ്) നം. 170/07/ത.സ്വ.ഭ.വ തീയതി 30-06-2007 പ്രകാരം വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ പ്രതീക്ഷിത ചെലവ് 2000 രൂപ മുതൽ 10000 രൂപ വരെ ക്വട്ടേഷൻ ക്ഷണിക്കാതെ സർക്കാർ അംഗീകൃത വർക്ക്ഷോപ്പിൽ നടത്താവുന്നതാണ്. ക്വട്ടേഷൻ ക്ഷണിച്ച് അംഗീകാരമില്ലാത്ത വർക്ക് ഷോപ്പിലും നടത്താവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം വാഹനത്തിന്റെ റിപ്പയർ ചെയ്തിരിക്കുന്നത് സർക്കാർ അംഗീകൃത വർക്ക്ഷോപ്പിൽ അല്ല. പതിനായിരം രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ സംഗതികളിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. കൂടാതെ, വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ മതിപ്പ് ചെലവ് (Estimate) കസ്റ്റോഡിയൻ ഓഫീസറോ എഞ്ചിനീയറോ കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം വർക്കിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിൽ ഇതു സംബന്ധിച്ച് അംഗീകാരം നൽകിയതിന്റെ വിവരങ്ങൾ ഇല്ല.

കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ചെലവിലേക്കായി പദ്ധതി/മെയിന്റനൻസ് ഗ്രാന്റ് തുക വിനിയോഗിക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ നിർദ്ദേശിച്ച ചട്ടങ്ങൾ / ഉത്തരവുകൾ പാലിച്ചിട്ടില്ല എന്ന് മേൽ വസ്തുതകളിൽ നിന്നും വ്യക്തമാണ്. ആയത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 ന് മറുപടി ലഭ്യമാക്കിയില്ല. വാഹന അറ്റകുറ്റപ്പണികൾ, നിലവിലുള്ള ചട്ടങ്ങൾ പ്രകാരമല്ല ചെയ്തത് എന്നതിനാൽ ചെലവഴിച്ച 14800/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-15 വനിതാ ജീവിത ശൈലീ രോഗനിർണ്ണയ ക്യാമ്പ് -പ്രോജക്ട് അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./ പേര് | SO 89/2018-19, വനിതാ ജീവിത ശൈലീ രോഗ നിർണ്ണയ ക്യാമ്പ് |
| അടങ്കൽ | 201040( പ്ലാൻ ഫണ്ട് ) |
| ചെലവ് | 183195 |
| ബിൽ നം. | 1. BP(Plan)08/2018-19 12000./30.07.2018<br>2. BP(Plan)22/2018-19 171195./21.03.2019 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, CHC മലയിടംതുരുത്ത് |

1). 22.08.2017 ൽ കൂടിയ ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ (പേജ് 47) വനിതാ ക്യാൻസർ നിർണ്ണയ ക്യാമ്പ്, വയോജനങ്ങൾക്കായി നേത്ര പരിശോധന ക്യാമ്പ് എന്നീ പ്രോജക്ടുകൾക്ക് Approval ലഭിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചത് സംബന്ധിച്ച വിവരം സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിൽ ഇല്ല. ഡി.പി.സി.അംഗീകാരം ലഭിക്കാതെ പ്രോജക്ട് നടപ്പാക്കിയത് അംഗീകരിക്കാവുന്നതല്ല.

2) വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ ഈ പ്രോജക്ട് സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് കൂടിയതിന്റെ വിവരങ്ങൾ ഇല്ല.

3) മാർഗ്ഗരേഖക്കനുസൃതമായല്ലാതെ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി നേടണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4) ഈ പ്രോജക്ട് വാഴക്കുളം, കീഴ്മാട്, എടത്തല, ചൂർണ്ണിക്കര, വെങ്ങോല എന്നീ ഗ്രാമപഞ്ചായത്തുകൾക്കായിട്ടാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. വിവരങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് മറുപടി ലഭ്യമാക്കിയില്ല.

# 1-16 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കപ്പെടുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ഭരണപരമായ കാര്യങ്ങൾ മാത്രമാണ് ബ്ളോക്ക് പഞ്ചായത്തിൽ നിർവ്വഹിക്കപ്പെടുന്നത്. ബ്ളോക്ക് പഞ്ചായത്ത് നേരിട്ട് പദ്ധതി നിർവ്വഹണം നടത്തുന്നില്ല. മസ്റ്റർ റോൾ ഇഷ്യൂ, എസ്റ്റിമേറ്റ് പരിശോധന, ആയതിന്റെ പരിശോധനാ റിപ്പോർട്ട് ജില്ലാ തല ദാരിദ്ര്യലഘൂകരണ ഓഫീസർക്ക് ബി.ഡി.ഓ മുഖേന കൈമാറുക എന്നീ ജോലികൾ ബ്ളോക്ക് തലത്തിൽ നിർവ്വഹിക്കപ്പെടുന്ന പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നു. ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ജീവനക്കാർ ഈ വിഭാഗത്തിൽ സേവനമനുഷ്ടിക്കുന്നു. കരാർ അടിസ്ഥാനത്തിലാണ് ഇവർ സേവനം നടത്തുന്നത്. തൊഴിലുറപ്പ് ജീവനക്കാരുടെ വേതനം ഇനത്തിലുള്ള ചെലവുകൾ കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. എന്നാൽ കേന്ദ്രത്തിൽ നിന്നുള്ള ഫണ്ട് ലഭ്യമാകാൻ കാലതാമസം നേരിടുന്ന ഘട്ടത്തിൽ ഗ്രാമ/ ബ്ളോക്ക് പഞ്ചായത്തുകളുടെ തനത്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് മുൻകൂറായി ചെലവ് വഹിക്കാവുന്നതാണെന്നും കേന്ദ്രഫണ്ട് ലഭിക്കുന്ന മുറക്ക് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ നിക്ഷേപിച്ച് ക്രമീകരിക്കേണ്ടതാണെന്നും ജി.ഓ.(ആർ.റ്റി.)2941/2017/ത.സ്വ.ഭ.വ. തിയതി 26-08-2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഓഡിറ്റ് തിയതിയിൽ ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ചെലവഴിച്ച 267515 രൂപ തനത് ഫണ്ടിലേക്ക് തിരികെ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നുണ്ട്.

# 1-17 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ – വിനിയോഗ / പൂർത്തീകരണ രേഖകൾ ഇല്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ നിർവ്വഹണത്തിന്റേയും പൂർത്തീകരണത്തിന്റേയും വിവരങ്ങൾ ഇല്ല. വിവിധ പ്രോജക്ട്കളിലായി ഗ്രാമ പഞ്ചായത്തുകൾ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി എന്നിവയ്ക്ക് തുക കൈമാറിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം. | പ്രോജക്ട് പേര് | ചെലവ് തുക / | കൈമാറിയ സ്ഥാപനം / തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ബി‌ൽ നം.<br>തീയതി | |
| 1 | 102/<br>18-19 | 2015-16<br>വരെയുള്ള<br>വീടുകളുടെ പൂർത്തീകരണം | 30000/-<br>നം.<br>04/2018-<br>19-<br>19-05-2018 | പട്ടികജാതി<br>വികസന<br>ഓഫീസർ/30000 |
| 2 | 06/<br>2018-19 | ലൈഫ്/<br>പി.എം.എ.വൈ.<br>ഭവന<br>നിർമ്മാണം- ടി.എസ്.പി. | 280000<br>1.നം. 8/18-<br>19-40000-<br>30-06-18<br>2.നം.<br>21/18-19-<br>240000-<br>16-07-2018 | വാഴക്കുളം<br>ഗ്രാ.പ.-140000<br>വെങ്ങോല<br>ഗ്രാ.പ.-140000 |
| 3 | 05/<br>2018-19 | ലൈഫ്/<br>പി.എം.എ.വൈ. ഭവന<br>നിർമ്മാണം-<br>എസ്.സി..സി.പി. | 3330000<br>1. 16/18-19<br>-260000-<br>6.7.18<br>2. 17/18-19<br>200000<br>16-07-2018<br>3. 20/18-<br>19<br>3070000<br>16-07-2018 | വെങ്ങോല –<br>1080000<br>വാഴക്കുളം -<br>360000<br>ചൂർണ്ണിക്കര-<br>810000<br>കിഴക്കമ്പലം -<br>630000<br>കീഴ്മാട് - 90000<br>എടത്തല<br>-360000<br>ആകെ -<br>3330000/- |
| 4 | 153/<br>2018-19 | അംഗനവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും ബ്ളോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | ആകെ<br>1409966/-<br>1.36/18-19<br>283300<br>-17-01-<br>2019.<br>2. 32/18-<br>19<br>843333/-<br>17-11-2018<br>3. 34/18-<br>19<br>283333/-<br>19-12-2018 | ചൂർണ്ണിക്കര –<br>283300/-<br>വെങ്ങോല<br>-283333<br>വാഴക്കുളം -<br>280000<br>കിഴക്കമ്പലം -<br>280000<br>എടത്തല –<br>283333<br>ആകെ<br>1409966/- |
| 5 | 134/<br>2018-19 | ലൈഫ് - എടത്തല ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 320000/-<br>22/2018-<br>19 16-07-<br>2018 | എടത്തല -<br>320000 |
| 6 | 104/<br>2018-19 | പുളിന്താനം SC കോളനി വൈദ്യുതീകരണം - ഡിവിഷൻ 3 | 511739/-<br>1/2018-19<br>– 19-05-<br>2018 | KSEB - 511739 |

| | | | | |
|---|---|---|---|---|
| 7 | 142/ 2018-19 | ചൂരക്കുളം നവീകരണം - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുമായി സംയോജിപ്പിച്ച്- ഡിവിഷൻ 5 | 500000/- 26/18-19 -22-10-2018 | വെങ്ങോല ഗ്രാമ പഞ്ചായത്ത് - 500000 |
| 8 | 152/ 2018-19 | നെടുമല എസ്.സി.കോളനി - കുടിവെള്ള പദ്ധതി - വാഴക്കുളം ഗ്രാമ പഞ്ചായത്ത് | 500000 31/2018-19 17-11-2018 | കേരള വാട്ടർ അതോറിറ്റി - 500000 |
| | | | | 6881705 |

മേൽ വിവരിച്ച 11 പ്രോജക്ടുകളുടെയും ചെലവ്/പൂർത്തീകരണ വിവരങ്ങൾ ഫയലിൽ ഇല്ല.

മേൽ വിവരിച്ച പ്രോജക്ടുകൾ സംബന്ധിച്ച വിവരം ഓഡിറ്റ് മുമ്പാകെ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന് മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറുമ്പോഴും, ഡെപ്പോസിറ്റ് വർക്കിനായി തുക കൈമാറുമ്പോഴും പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതും, ഇതു സംബന്ധിച്ച മോണിട്ടറിംഗ് നടത്തേണ്ടതുമാണ്. മേൽ പ്രോജക്ടുകൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 മെറിറ്റോറിയസ് ആയ പട്ടികജാതിവിദ്യാർഥികൾക്ക് ധനസഹായം - പദ്ധതിനടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ: 77/19

നിർവ്വഹണം : പട്ടികജാതി വികസനഓഫീസർ

ആകെ ചെലവ് : 930000 രൂപ

ബിൽ നമ്പർ : 1/18-19/3-10-18, 2/18-19/ 17-11-18, 3/18-19 /30-11-18, 4/18-19 /24-12-18

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നല്കുന്ന പ്രോജക്റ്റ് ആണ് ഇത്. വാഴക്കുളം ബ്ളോക്ക് പഞ്ചായത്തിന് കീഴിലുള്ള ആറു പഞ്ചായത്തുകളിൽ മൂന്ന് പഞ്ചായത്തുകളിൽ നിന്ന് മാത്രമാണ് മേൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടുള്ളത്. ചൂർണ്ണിക്കര,എടത്തല, കീഴ്മാട് എന്നീ പഞ്ചായത്തുകളിൽ നിന്ന് ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് ലഭ്യമാക്കിയതായി കാണുന്നില്ല .മേൽ പഞ്ചായത്തുകളിൽ പെടുന്ന വിദ്യാർഥികളിൽനിന്ന് പത്രഅറിയിപ്പ് നല്കി ബ്ളോക്ക് പഞ്ചായത്ത് നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയാണ് ചെയ്തിരിക്കുന്നത് . ബ്ളോക്ക് പഞ്ചായത്തുകളുടെ പദ്ധതിനടത്തിപ്പിന് ബന്ധപ്പെട്ട പഞ്ചായത്തുകൾ മുഖേന ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതാണെന്ന് G.O. (P) 220/97/ത.ഭ.വ. 2-10-97 , G.O. (P) 181/98/ത.സ്വ.ഭ.വ. 2.9.1998 എന്നിവ പ്രകാരം നിഷ്കർഷിക്കപ്പെട്ടിട്ടുള്ളതാണ്. ഗ്രാമസഭ വഴി തെരഞ്ഞെടുത്ത

ഗുണഭോക്താക്കൾ ഉൾപ്പെട്ട ലിസ്റ്റ് ആണ് പഞ്ചായത്തുകൾ ബ്ളോക്കിന് സമർപ്പിക്കേണ്ടത്. മൂന്ന് പഞ്ചായത്തുകളിൽ നിന്ന് ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാക്കാതെ പത്രപ്പരസ്യം നടത്തി ഗുണഭോക്താക്കളെ നിശ്ചയിച്ച് ആനുകൂല്യം അനുവദിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. ലഭ്യമായ ഗ്രാമസഭാ ലിസ്റ്റുകൾ ഉൾപ്പെടെയുള്ള ഗുണഭോക്തൃലിസ്റ്റ് ബ്ളോക്ക് ഗ്രാമസഭയിലും ബ്ളോക്ക് കമ്മിറ്റിയിലും അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുമില്ല.

41 വിദ്യാർഥികൾക്ക് ആണ് സ്കോളർഷിപ്പ് നല്കിയിട്ടുള്ളത്. മിക്ക വിദ്യാർഥികളുടെയും അപേക്ഷകളിൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നോ(ഗ്രാമപഞ്ചായത്ത് / ജില്ലാപഞ്ചായത്ത്),പട്ടികജാതി വികസന വകുപ്പിൽ നിന്നോ സമാനമായ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ചൂർണ്ണിക്കര, എടത്തല പഞ്ചായത്തുകളിൽപ്പെട്ട, പത്രക്കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് അതാത് പഞ്ചായത്തുകൾ പിന്നീട് അംഗീകരിച്ച് നൽകി എന്നറിയിച്ചിരുന്നു. എന്നാൽ ഗ്രാമസഭയിൽ നിന്ന് ആണ് ഗുണഭോക്താക്കളുടെ പേര് ഉയർന്ന് വരേണ്ടത് എന്നതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. 41 വിദ്യാർത്ഥികളിൽ 39 പേർക്ക് പട്ടികജാതി ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രം പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

വിശദവിവരങ്ങൾ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വെങ്ങോല ഗ്രാമ പഞ്ചായത്ത് | 520000 | PMAY ഭവനപദ്ധതി | 105000 | 415000 |
| ജില്ലാ പഞ്ചായത്ത് | 28000 | PMAY ഭവനപദ്ധതി | 20000 | 8000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ

# തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | പുളിന്താനം എസ്.സി.കോളനി ഡിവിഷൻ 3 ഇലക്ട്രിഫിക്കേഷൻ | ബിൽ നം. 1/2018-19, 19.05.2018 | 511739 | 511739 | - |
| കേരള വാട്ടർ അതോറിറ്റി | നെടുമല എസ്.സി.കോളനി കുടിവെള്ളപദ്ധതി | ബിൽ നം.31/2018-19 17.11.2018 | 500000 | 500000 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2018-19വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 69199218 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 58159512 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 7296505 |

(ബി) <u>ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 400000 | ഉഷാ ദേവി .കെ.ആർ, വ്യവസായ വികസന ഓഫീസർ |
| 1-14 | 14800 | അനിലാകുമാരി സി., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.മലയിടംതുരുത്ത് |
| 1-17(1) | 30000 | കെ.എ).റിച്ച്മോൻ, സെക്രട്ടറി |
| 1-17(2) | 280000 | കെ.ജെ.ഡെയ്സി, സെക്രട്ടറി (റിട്ട.) |
| 1-17(3) | 3330000 | ,, ,, |
| 1-17(4) | 1409966 | ടി. വിജയകുമാർ, സെക്രട്ടറി |
| 1-17(5) | 320000 | കെ.ജെ.ഡെയ്സി, സെക്രട്ടറി |
| 1-17(6) | 511739 | കെ.എ).റിച്ച്മോൻ, സെക്രട്ടറി |
| 1-17(7) | 500000 | ടി.വിജയകുമാർ, സെക്രട്ടറി |
| 1-17(8) | 500000 | ,, ,, |
| ആകെ | 7296505 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉഷാദേവി.കെ.ആർ. വ്യവസായ വികസന ഓഫീസർ | താലൂക്ക് വ്യവസായ വികസന ഓഫീസർ, പറവൂർ നഗരസഭ | മാണിക്യത്ത് , ആലങ്ങാട്.പി.ഒ. 6830511 |
| അനിലാകുമാരി.സി. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.മലയിടംതുരുത്ത് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.കുമ്പളങ്ങി | തുഷാരം കരുമക്കാട് മുസ്ലീം പള്ളിക്ക് |

| | | |
|---|---|---|
| | | സമീപം കാക്കനാട്, തൃക്കാക്കര പി.ഒ. |
| കെ.എ.റിച്ചുമോൻ സെക്രട്ടറി | റിട്ടയേർഡ് | കളരിക്കൽ (വീട്) TMC 25/206 കാക്കനാട് പി.ഒ. 682030 |
| കെ.ജെ.ഡെയ്സി സെക്രട്ടറി ഇൻ ചാർജ് | റിട്ടയേർഡ് | പാലയ്ക്കൽ ഹൗസ് T 3/3, NGO Quarters ആലുവ |
| ടി. വിജയകുമാർ സെക്രട്ടറി | സെക്രട്ടറി പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് | കാവ്യ കഴക്കൂട്ടം തിരുവനന്തപുരം 695582 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി)1600/19 തീ.05.08.19 |
| 2003-04 | ” ” |
| 2009-10 | ” ” |
| 2010-11 | ” ” |
| 2015-16 | ” ” |
| 2016-17 | കെ.എസ്.എ ഇകെഎം(ബി.പി)2193/17,18.06.18 |
| 2017-18 | കെ.എസ്.എ ഇകെഎം(ബി.പി)281/19 dt.11.07.19 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തരമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്..

**ജോയിന്റ് ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ്**

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും

22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വാഴക്കുളം** ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം**

**<u>ന്യൂനതകളുടെ സംഗ്രഹം</u>**

1. വാടക ഡിമാന്റ് (130100101) രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

2. വാടക അരിയർ കളക്ഷൻ, കറന്റ് കളക്ഷന്റെ ഹെഡ്ഡിൽ തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്.

3. കേരളോത്സവം ഗ്രാന്റ് (320200312) മുൻബാക്കി 5000/-രൂപ ഉണ്ടായിരുന്നു. തൻവർഷം വരവ് ഇല്ല പ്രത്യേക ഉദ്ദേശ ഗ്രാന്റ് 5000/- രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നിട്ടും തൻവർഷത്തെ 7680/- രൂപ ചെലവ് പൂർണ്ണമായും തനത് ഫണ്ടിൽ നിന്നുമാണ് വിനിയോഗിച്ചത്.

4. Grand to festivals (320200312) ഹെഡിൽ ലഭിച്ച 21000/-രൂപ തൻവർഷം തന്നെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ഇതേ ഹെഡിൽ 21000/- രൂപയുടെ നീക്കിയിരിപ്പുണ്ട്.

5. ബി4 ഷെഡ്യൂളിൽ വില്ലേജ് പഞ്ചായത്ത് (320700203) 693032/-രൂപ, ബ്ലോക്ക് പഞ്ചായത്ത് (320700204) 356090/-രൂപ, ജില്ലാ പഞ്ചായത്ത് (320700210) 5656850/-രൂപ എന്നീ ഹെഡുകളിലാക്കി ആകെ 6705972/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബി17 ഷെഡ്യൂളിലെ ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ ബാലൻസ് 423000/-രൂപ മാത്രമാണ്.

6. ബി4 ഷെഡ്യൂളിൽ ഐ.എ.വൈ. ജനറൽ (320100110)146061/- രൂപയും, ഐ.എ.വൈ.എസ്.സി.പി(320100111)332000/-രൂപയും ഉൾപ്പെടെ എൈ.എ.വൈ പദ്ധതിക്ക് ആകെ 478061/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ, ബി-17 ഷെഡ്യൂളിൽ ഐ.എ.വൈ. പദ്ധതിക്കായി വിവിധ ബാങ്ക് അക്കൗണ്ടുകളിലെ ആകെ നീക്കിയിരിപ്പ് 3804382/- രൂപയുണ്ട്. ബാങ്ക് അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഡി.സി.ബി. - ഐ.എ.വൈ (450430101) - 25600/-

എസ്.ബി.ഐ.- ഐ.എ.വൈ (450610101) - 3659720/-

എസ്.ബി.ഐ.-ഹോം സ്റ്റെഡ് (450610102) - 105991/-

എസ്.ബി.ഐ.-അഡ്മിൻ കോസ്റ്റ്(450610104) - 13071/-

7. ബി-17 ഷെഡ്യൂളിൽ പി.എം.വൈ.പദ്ധതിയുടെ അക്കൗണ്ടിൽ (450610107) 2480583/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ, ഈ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

8. ഓഫീസ് എക്വിപ്‌മെന്റ്സ് & അദർ എക്വിപ്‌മെന്റ്സ് (410710103) എന്ന ആസ്തിക്ക് തൻവർഷം ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്തിട്ടില്ല.

9. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ ഈയിനങ്ങളിലെ വരവ്, ചെലവ്, നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

10. സ്ഥാവര ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

ജോയിന്റ് ഡയറക്ടർ

## Annexure - 1

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Vazhakkulam Block** Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Vazhakkulam Block Panchayath for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

JOINT DIRECTOR
STATE AUDIT DEPARTMENT
ERNAKULAM DISTRICT AUDIT OFFICE

**Abstract of Deficiencies / Discripancies**

1. There is a mismatch in the Demand of Rent as per Rent register and the AFS.

2. The Arrear collection of rent is wrongly booked under the current collection head of A/c

3. There was a balance of Rs. 5000/- in the Keralolsavam Grant during 2017-18. But expenses for this item ₹7680/- was met from Own fund during the year.

4. Eventhough the amount of Rs 20000/- received as grant for festival was fully utilized, the whole amount is shown as outstanding balance in the Balance sheet.

5. As per B-4 schedule there is a balance of Rs. 67,05,972/-in the following head of A/cs for the Joint venture projects.

| | |
|---|---|
| 320700203- Village panchayaths | 693032 |
| 320700204- Block panchayaths | 356090 |
| 320700210- Jilla panchayaths | 5656850 |
| Total | 6705972 |

But the total closing balance as per Treasury Joint venture account is ₹4,23,000/-.

6.The total outstanding balance in the IAY project as per B4 Schedule is ₹478061/-( IAY General- ₹146061/-, IAY SCP- ₹332000/-). But the total balnce in the bank accounts as per B-17 schedule is as follows.

| | |
|---|---|
| DCB-IAY | 25600 |
| SBI -IAY | 3659720 |
| SBI – Homestead | 105991 |
| SBI- Admin cost | 13071 |
| Total | 3804382 |

7. There is a balance of ₹ 2480583/-PMAY account as per B 17 schedule .But this is not included in the liability side of the Balance sheet (B4 schedule).

8. Depreciation is not provided on the item Office equipments and other equipments (410710103)

9. Since Advance and Deposit registers are not maintained, the authenticity of the balance as per AFS could not be verified.

10. All assets including land are not accounted and included in the A F S. Asset register is not updated by including the details of newly created assets.

JOINT DIRECTOR